ചന്ദ്രിക



എംഇഎസ് അസ്മാബി കോളേജിലെ പിജി ആന്റ് റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് യോഗദിനാചരണത്തിൽ യോഗാചാര്യൻ നാരായണൻ ജി മുഖ്യപ്രഭാഷണം നടത്തുന്നു

# വായനാദിനവും യോഗ ദിനവും ആചരിച്ചു

എസ്.എൻ പുരം: എംഇഎസ് അസ്മാബി കോളേജിലെ പിജി ആൻഡ് റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, യോഗ ദിനവും വായനാദിനവും ആചരിച്ചു. യോഗചാര്യൻ നാരായൺ ജി മുഖ്യപ്രഭാഷണം നടത്തി. യോഗയുടെ പ്രാധാന്യത്തെ പറ്റിയും ജീവിതശൈലി രോഗങ്ങളെ ചെറുക്കാൻ യോഗ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. ഭാഷാ പരിശീലകനും ബഹുഭാഷാ പണ്ഡിതനുമായ ശ്രീ തപൻ ദുബാ യഹൂദി വായനദിനാ ചരണത്തിന്റെ ഭാഗമായി 'ബിയോണ്ട് റീഡിങ്' എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു.

വായന എഴുത്ത് അന്യഭാഷ പരിജ്ഞാനംഎന്നിവയുടെ പ്രാധാന്യത്തെ പറ്റി അദ്ദേഹം കുട്ടികളോട് സംവദിക്കുകയുണ്ടായി. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോക്ടർ റീനാ മുഹമ്മദ് ചടങ്ങിന് അധ്യക്ഷത വഹിച്ചു.